# നവംബർ 16 ന്
# എഴുതിയവസാനിപ്പിച്ച
# ഡയറിക്കുറിപ്പ്



ഫെബിൻ ജോൺസൻ

# നവംബർ 16 ന്
# എഴുതിയവസാനിപ്പിച്ച
# ഡയറിക്കുറിപ്പ്

## ആത്മഭാരത്താൽ തിളച്ചുപൊങ്ങിയ
## യൗവ്വനഹൃദയത്തിന്റെ നേർരേഖ

**ഫെബിൻ ജോൺസൻ**

**ആ**ൻഡമാൻസിലെ പോർട്ട് ബ്ലെയറിൽ അനാഥമായ ഒരു ഡയറി സംസാരിക്കുന്നുണ്ട്. അലൻ ജോൺ ചൗ എന്ന ഒരു വീരയോദ്ധാവിനെക്കുറിച്ച്. 26-ാം വയസ്സിൽ സകലതും അവസാനിപ്പിച്ച്, യജമാനന്റെ ജീവിതലക്ഷ്യം നിവർത്തിച്ച് ശാന്തതുറമുഖം അണഞ്ഞ യുവസുവിശേഷകൻ.

ഡയറിയുടെ നവംബർ 14 എന്ന് ആലേഖനം ചെയ്ത താളിൽ ഇങ്ങനെ കുറിച്ചിട്ടിട്ടുണ്ട്. “ക്രിസ്റ്റ്യൻ വോഗനും ബോബി സ്ട്രാറ്റ്മാനും അഞ്ചുദിനങ്ങൾക്ക് മുമ്പ് യാത്ര പറഞ്ഞുപോയി. അവരെ കാണുവാൻ കഴിഞ്ഞത് തികച്ചും നല്ലൊരു പ്രോത്സാഹനമായിരുന്നു.”

ക്രിസ്റ്റ്യൻ വോഗനും ജോൺ അലനും ആത്മാർത്ഥ സുഹൃത്തുക്കളായിരുന്നു. അമേരിക്കയിലെ ഓറൽ റോബർട്സ് യൂണിവേഴ്സിറ്റിയിലെ പഠനമുറിയിലാണ് ഇരുവരും കണ്ടുമുട്ടുന്നത്. കാനഡയിലെ വാൻകൂവറിൽ ജനിച്ചുവളർന്ന ജോണിനും അമേരിക്കൻ മണ്ണിൽ വളർന്ന ക്രിസ്റ്റ്യൻ വോഗനും വ്യത്യസ്ത പശ്ചാത്തലമായിരുന്നെങ്കിലും അവരെ ഒന്നിപ്പിക്കുന്ന രക്തബന്ധത്തിന്റെ ഊഷ്മളത അവർ തിരിച്ചറിഞ്ഞു. അന്നുമുതൽ ഹൃദയത്തിൽ മുളച്ച ആ സ്നേഹബന്ധം വളർന്ന് പന്തലിച്ചു. രക്ഷിക്കപ്പെട്ടവരും സ്നാനപ്പെട്ടവരുമായിരുന്ന അവരുടെ ഹൃദയത്തിൽ ആത്മികബന്ധത്തിന്റെ ദൃഢത വ്യക്തമായിരുന്നു.



[illegible] and Mom and Dad,

You guys might think I'm crazy in all this but I think it's worth it to declare Jesus to these people. Please do not be angry at them or at God if I get killed – rather please live your lives in obedience to whatever He has called you to and I'll see you again when you pass through the veil [illegible]. This is not a pointless thing – the eternal lives of this tribe is at hand and I can't wait to see them around the throne of God worshipping in their own language as Revelation 7:9-10 states.

I love you all and I pray none of you love anything in this world more than Jesus Christ.

Soli Deo Gloria,

John Chau

11/16/18 0626

written from the cove on the southwest side [illegible] of North Sentinel Island

സ്വഭാവവും അഭിരുചിയും ഏറെക്കുറെ സമാനതകളുമുണ്ടായിരുന്നതുകൊണ്ട് ആത്മിക വിഷയങ്ങൾക്ക് മുൻഗണനയും താൽപര്യവും ഇരുവരും പ്രകടിപ്പിച്ചിരുന്നു. പഠനത്തിന്റെ തിരക്കുകൾ അധികമായിരുന്നെങ്കിലും സഭായോഗങ്ങളിലും പ്രാർത്ഥനാ കൂടിവരവുകളിലും പതിവായി പങ്കെടുക്കുവാൻ അവർ മറന്നിരുന്നില്ല.

പഠനം അവസാനിക്കുന്ന ദിനങ്ങൾ അടുത്തപ്പോൾ കോളേജിന്റെ വരാന്തയിൽ അസ്തമയസൂര്യനെ നോക്കി ജോൺ അലൻ ക്രിസ്റ്റ്യൻ

വോഗനോട് പറഞ്ഞു, "സ്വന്തരക്തം കൊടുത്ത് നമ്മെ വിലയ്ക്ക് വാങ്ങിയ ക്രിസ്തുവിനുവേണ്ടിയല്ലേ നാം ജീവിക്കേണ്ടത്? അവിടുത്തേക്ക് വേണ്ടി മിഷനറിമാരാകണം. ജീവൻ നല്കി സ്നേഹിച്ച നാഥനു വേണ്ടി നമ്മുടെ ജീവൻ അപകടപ്പെടുത്തിയാണെങ്കിൽ പോലും നഷ്ട പ്പെട്ടു പോകുന്ന ആത്മാക്കളെ രക്ഷിക്കണം." ക്രിസ്റ്റ്യൻ വോഗന് ജോണിന്റെ സാഹസികത നിറഞ്ഞ സ്വഭാവം നന്നായി അറിയാമായിരുന്നു. പഠനവേളയിൽ അനേക സാഹസിക യാത്രകൾ ഇരുവരും ഒരുമിച്ച് നടത്തിയിട്ടുമുണ്ട്. "ജീവൻവരെ അപായപ്പെടുത്തിയാണെങ്കിലും സുവിശേഷം അറിയിക്കണം." ഈ വാക്കുകൾ ക്രിസ്റ്റ്യൻ വോഗന്റെ കാതുകളിലൂടെ ഹൃദയാന്തർഭാഗത്ത് ഒരു വലിയ ആവേശമായി പരിണമിച്ചു.

2014 ലെ യൂണിവേഴ്സിറ്റി ബിരുദദാന ദിനമെത്തി. സമ്മേളനത്തിൽ ക്രിസ്റ്റ്യൻ വോഗൻ ജോണിന്റെ കാതിൽ മന്ത്രിച്ചു, "ഇനി നമ്മുടെ ജീവിതം നമ്മുടെ കർത്താവിന്റെ വേലയ്ക്കാണ്. ആരും കടന്നുപോകാത്ത സ്ഥലത്ത് യേശുവിന്റെ സ്നേഹത്തിന്റെ സന്ദേശം അറിയിക്കണം." ജോൺ തൊട്ടൊരുമിനിൽക്കുന്ന ക്രിസ്റ്റ്യൻ വോഗന്റെ കൈവിരലുകളിൽ തന്റെ കൈവിരലുകൾ കോർത്ത് പിടിച്ച് മിഴികളടച്ച് തലയാട്ടി. എന്തോ ഒന്ന് നിശ്ചയിച്ചുറപ്പിച്ചതുപോലെ.

ആ കൈകൾ കോർത്തിരുന്നതുപോലെ ഹൃദയവും ഒന്നായിത്തീർന്നിരുന്നു, ക്രിസ്തുവിനുവേണ്ടി! പ്രാർത്ഥിക്കുവാനും വചനപഠനത്തിനുമായി അവർ ഒന്നിച്ചുകൂടി. കൂട്ടത്തിൽ ഭൂപടവും. സുവിശേഷം ഇതുവരെയും എത്തിയിട്ടില്ലാത്ത സ്ഥലങ്ങൾ കാണുവാൻ തുറന്നുവച്ച ഭൂപടത്തിലൂടെ ഇരുവരുടെയും കണ്ണുകൾ ശ്രദ്ധാപൂർവ്വം ഓടിച്ചു. മുന്നിൽ ജിം എലിയറ്റിനെപ്പോലുള്ള ആവേശഭരിതരായ യുവാക്കന്മാരുടെ ജീവചരിത്രഗ്രന്ഥങ്ങൾ നിരന്നു കിടന്നു. സുവിശേഷമെത്തിയിട്ടില്ലാത്ത ഗോത്രവർഗ്ഗക്കാരുടെ ഇടയിലേക്ക് സാഹസികവും വെല്ലുവിളി നിറഞ്ഞതുമായ സുവിശേഷയാത്രയ്ക്കായി അവർ അന്യോന്യം സമർപ്പിച്ചു.

2015 ൽ ന്യൂസിലാൻഡിലുള്ള കുക്ക് മലനിരകൾ കയറുവാനും അവിടെയുള്ള ഗോത്രവർഗ്ഗക്കാരുടെ ഇടയിൽ പ്രവർത്തിക്കുവാനുള്ള സാദ്ധ്യത അന്വേഷിക്കുവാനുമായി അവർ യാത്ര പുറപ്പെട്ടു. യാത്രയുടെ ചിത്രങ്ങളും വിവരണങ്ങളും ഇൻസ്റ്റാഗ്രാമിലും മറ്റു സോഷ്യൽ മാധ്യമങ്ങളിലും പങ്കുവയ്ക്കുവാൻ അവർ മറന്നില്ല. ഒരു ചിത്രത്തിന്റെ അടിക്കുറിപ്പായി ക്രിസ്റ്റ്യൻ വോഗൻ ഇങ്ങനെ എഴുതി, "ഒന്നു ചിന്തിക്കു, ഇത്ര മനോഹരമായി ദൈവം ഈ ദേശത്തെ സൃഷ്ടിക്കുവാൻ കാരണം ഇവിടെയുള്ള ആളുകളെക്കുറിച്ച് നമുക്ക് ഭാരമുണ്ടാകാനല്ലേ?"

മടക്കയാത്രയിൽ ജോൺ ചൗ ക്രിസ്റ്റ്യനോട് പറഞ്ഞു, "എടോ ഇവ

രെക്കാളും എത്രയോ അപരിഷ്കൃത രായ ആളുകൾ ലോകത്തിലുണ്ട്. സുവിശേഷം അവർ രുചിക്കു പോലും കേട്ടിട്ടില്ല!" ജോൺ ചൗ തന്റെ ഹൃദയഭാരത്തിന്റെ ഭാണ്ഡ ക്കെട്ട് അഴിച്ചു.

മുതുകിൽ തൂക്കിയിട്ടിരുന്ന ബാഗ് ഒന്നു കുലുക്കി ക്രിസ്റ്റ്യൻ വോഗൻ ചോദിച്ചു, "ഉദാഹരണ ത്തിന്?"

ജോണിന് ഉത്തരം പറയാൻ അധികം സമയമൊന്നും ആവശ്യമാ യിരുന്നില്ല. "ഇന്ത്യൻ സമുദ്രത്തിൽ സ്ഥിതി ചെയ്യുന്ന ചെറുദ്വീപുകളിൽ വസ്ത്രംപോലും ഉടുക്കുവാൻ അറി യാത്ത എത്രയോ ഗോത്രവർഗ്ഗ ക്കാരുണ്ട്!"

അതേ, അത് തികച്ചും ശരിയാ ണ്! ആൻഡമാൻസ്-നിക്കോബാർ ദീപുകളിൽ പുറംലോകവുമായി ഒരു ബന്ധവുമില്ലാത്ത അപരിഷ്കൃത രായ അനേകം ഗോത്രവിഭാഗ ങ്ങളുണ്ട്. ലോകത്തിൽതന്നെ ഏറ്റവും ഒറ്റപ്പെട്ട ഗോത്രവിഭാഗമായ സെന്റിനലീസ് ഗോത്ര വിഭാഗവും ഈ ദ്വീപുകളിൽ ഒന്നിലാണ് താമ സം.

നാളുകളേറെയായി അവരെക്കു റിച്ചുള്ള ഭാരവുമായി ജോൺ നടക്കു വാൻ തുടങ്ങിയിട്ട്. ആത്മമിത്രവു മായി ഈ കാര്യം പങ്കുവയ്ക്കു മ്പോൾ ജോണിന്റെ ആത്മഭാരത്തെ സ്വഹൃദയത്തിന്റെ ഭാരമായി ഏറ്റെടു ക്കുവാൻ ക്രിസ്റ്റ്യൻ വോഗന് കഴി ഞ്ഞിരുന്നു. അതുകൊണ്ടുതന്നെ അടുത്തൊരു സാഹസിക യാത്രയ്ക്ക് അവർ ഇരുവരും ഒരു ങ്ങി. 2015 ലും 2016 ലും ജോണും ക്രിസ്റ്റ്യൻ വോഗനും ആൻഡമാൻ നിക്കോബാർ ദ്വീപുകൾ സന്ദർശി ക്കുകയും ആളുകളെക്കുറിച്ച് പഠി ക്കുകയും ചെയ്തു.

യാത്ര കഴിഞ്ഞ് മടങ്ങിവന്ന പ്പോൾ 2015 നവംബറിൽ പ്രസിദ്ധീക രിച്ച ഒരു അഭിമുഖത്തിൽ അതി വേഗം ചെയ്യാൻ ഉദ്ദേശിക്കുന്ന സാഹസിക യാത്രകളിൽ പ്രഥമ സ്ഥാനം എന്തിനാണ് എന്ന ചോദ്യ ത്തിന് ജോൺ പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു. "ഇന്ത്യയിലെ ആൻഡമാൻ-നിക്കോബാർ ദ്വീപു കൾ സന്ദർശിക്കുന്നതിനാണ് ഞാൻ പ്രഥമസ്ഥാനം നൽകിയിരിക്കുന്നത്. ഇനിയും അനേക കാര്യങ്ങൾ എനിക്ക് അവിടെ ചെയ്യുവാനുണ്ട്."

2016 ഒക്ടോബറിൽ ഭാഷ പഠി ക്കുവാനും സംസ്കൃതി മനസ്സിലാ ക്കുവാനുമായി ആൻഡമാൻസ് നിക്കോബാർ ദ്വീപുകളിൽ ചില ദിവ സങ്ങൾ താമസിച്ചപ്പോൾ കേരളത്തിലെത്തുകയും കായലോര ങ്ങളിലൂടെ സഞ്ചരിക്കുവാൻ ദിവസ ങ്ങൾ ചെലവഴിക്കുകയും ചെയ്തു.

ഇന്ത്യയിൽനിന്നുള്ള മടക്കയാത്ര ജോണിന്റെ ഹൃദയത്തെ തെല്ലൊന്നു മല്ല വേദനിപ്പിച്ചത്. സ്നേഹിക്കുന്ന എന്തോ ഒന്ന് പറിച്ചുമാറ്റുന്നതു പോലെ! ഇതുംകൂടി കൂട്ടിയാൽ നാലാം തവണയാണ് ഇന്ത്യയി ലേക്ക് വരുന്നത്. ഇന്ത്യയെയും

ഇന്ത്യയിലെ ഗോത്രവിഭാഗങ്ങളെയും അത്രമാത്രം താൻ സ്നേഹിച്ചിരുന്നു. അമേരിക്കയിലെ സുഖസൗകര്യങ്ങളേക്കാൾ ക്രിസ്തുവിനുവേണ്ടി ഇന്ത്യയിൽ കഷ്ടമനുഭവിക്കുന്നതാണ് വിലയേറിയതെന്ന് താൻ തിരിച്ചറിഞ്ഞിരുന്നു. ഇനിയൊന്നു കൂടെ വരണമെങ്കിൽ ആരുടെയെങ്കിലും സഹായമില്ലാതെ കഴികയില്ല. വഴികൾ തുറക്കുവാൻ ഉയരത്തിലെ യജമാനന്റെ കൈകളിലേക്ക് കണ്ണുകളുയർത്തി.



## ഓൾ നേഷൻസ് മിഷൻ ഓർഗ്ഗനൈസേഷൻ

മടങ്ങി അമേരിക്കയിലെത്തിയപ്പോൾ കാൻസാസ് സിറ്റിയിലുള്ള ഓൾ നേഷൻസ് എന്ന മിഷൻ ഓർഗ്ഗനൈസേഷനുമായി ബന്ധപ്പെടുവാൻ മുഖാന്തരമായി. വിവിധ രാജ്യങ്ങളിൽ മിഷനറിമാരെ അയയ്ക്കുന്ന ഒരു സംഘടനയായിരുന്നു ഓൾ നേഷൻസ്. നാൽപതിലധികം രാജ്യങ്ങളിൽ മിഷനറിമാരെ അയയ്ക്കുവാനും സാമ്പത്തികമായി പിന്നിൽ നിൽക്കുവാനും അവർക്കിടയാകുന്നുണ്ട്.

ഈ കാര്യം മനസ്സിലാക്കിയ ജോൺ അവരോടൊന്നിച്ച് പ്രവർത്തിക്കുവാൻ തീരുമാനിച്ചു. ആൻഡമാൻസ് ദ്വീപുകളിൽ സുവിശേഷം എത്തിയിട്ടില്ലാത്ത സെന്റിനെലീസ് ഗോത്രവിഭാഗത്തെക്കുറിച്ച് അവരോട് വിവരിച്ചു. അവരോടൊന്നിച്ച് വിവിധ പരിശീലനപരിപാടികളിലും സെമിനാറുകളിലും പങ്കെടുക്കുവാനും പഠിക്കുവാനും ജോണിന് അവസരം ലഭിച്ചു. 2017 ൽ ഇറാക്കിലും കുർഡിസ്ഥാനിലും സൗത്ത് ആഫ്രിക്കയിലും നടക്കുന്ന പ്രവർത്തനങ്ങളിൽ പങ്കാളിയാകുവാൻ അനുകൂലസന്ദർഭവും ലഭിച്ചു. പശ്ചാത്യലോകത്തിന്റെ സുഖലോലുപതയൊന്നും ജോണിനെ ഒരു വേള പോലും ആകർഷിച്ചിരുന്നില്ല. സ്വർഗ്ഗീയ യജമാനന്റെ മുന്നിൽ നിൽക്കുന്ന ദിനം വെറും കൈയ്യായി നിൽക്കരുതെന്ന ഭാരം മാത്രമായിരുന്നു ജോണിന്റെ സുവിശേഷവയലിലെ പ്രേരകശക്തി.

ഇതിനിടയിൽ 2017 മാർച്ചിൽ ഓൾ നേഷൻസിന്റെ സഹകരണത്തോടെ വീണ്ടും ആൻഡമാൻസിലെത്തുകയും ഹാവ്ലോക് ദ്വീപിൽ പ്രവർത്തിക്കുന്ന സുവിശേഷകൻ അലക്സാണ്ടറിനൊപ്പം 9 ദിനരാത്രങ്ങൾ ചെലവഴിക്കുകയും പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തു. എങ്കിലും സുവിശേഷം ഒരിക്കലും എത്തിയിട്ടില്ലാത്ത സെന്റിനെലീസ് ഗോത്രവിഭാഗത്തെക്കുറിച്ചുള്ള ഭാരമായിരുന്നു ഹൃദയത്തിൽ നിറഞ്ഞുതുളുമ്പിയത്.

**സെന്റിനെലീസ് ഗോത്രവിഭാഗം**

ആൻഡമാൻ നിക്കോബാറിൽ 572 ദ്വീപുകളാണുള്ളത്. അതിൽ ജനവാസമുള്ളത് വെറും 38 ദ്വീപുകളിൽ മാത്രം. പോർട്ട് ബ്ലെയറിൽനിന്ന് 50 കിലോമീറ്റർ അകലെ ഏറ്റവും ഒറ്റപ്പെട്ടുകിടക്കുന്ന ദ്വീപാണ് ഉത്തര സെന്റിനൽ ദ്വീപ്. സെന്റിനലീസ് എന്നറിയപ്പെടുന്ന ഗോത്രവർഗക്കാരാണ് ബംഗാൾ ഉൾക്കടലിലെ ഈ ദ്വീപിൽ കഴിയുന്നത്. ആധുനിക സംസ്കാരവുമായി യാതൊരു ബന്ധവും പുലർത്താതെ ഇപ്പോഴും അപരിഷ്കൃതരായി ജീവിക്കുന്ന ലോകത്തിലെ ഗോത്രവർഗക്കാരിലൊരു കൂട്ടരാണിവർ. ഇവരുടെ ജീവിതരീതിയും ഭാഷയും മറ്റും അത്ര വിശദമായി പുറംലോകത്തിനറിയില്ല.

നൂറ്റാണ്ടുകളായി പുറംലോകവുമായി ഒരു ബന്ധവുമില്ലാതെ തീർത്തും ഒറ്റപ്പെട്ടു ജീവിക്കുന്നവരാണ് ഈ ഗോത്രവിഭാഗങ്ങൾ. ഇന്ത്യയുടെ ഭാഗമാണെങ്കിലും ദ്വീപിലെ ജനസംഖ്യ എത്രയുണ്ടെന്നുപോലും എണ്ണിത്തിട്ടപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ദ്വീപിലേക്ക് അടുക്കുവാൻ പോലും കഴിയാത്ത രീതിയിൽ ക്രൂരതയുടെ ആൾരൂപങ്ങളാണ് ഈ ഗോത്രവർഗ്ഗം.

ക്രൂരമായ ആക്രമണം പ്രതിരോധമാക്കി അമ്പും വില്ലും



കുന്തവും കൂർത്ത കല്ലും മാത്രമല്ല, നാടൻ ആയുധങ്ങൾ ഉപയോഗിച്ചും ദ്വീപിന്റെ പരിസരങ്ങളിലെത്തുന്ന വരെ കൊല്ലുന്ന പ്രാകൃതസ്വഭാവമാണ് ഇവർക്കുള്ളത്. പുറംലോകവുമായി ഒരു ബന്ധവുമില്ലാതെ കിരാതവും പൈശാചികവുമായ ഇടപെടലുകളിലൂടെ ആരെയും തങ്ങളിലേക്ക് അടുപ്പിക്കാതെ ഒറ്റപ്പെട്ടു ജീവിക്കുകയാണിവർ.

കയ്യിൽ കിട്ടുന്നതെന്തും ആഹാരമാക്കുന്ന, കടുത്ത ആക്രമണകാരികളായ, ക്രൂരതയുടെ പര്യായമായ ജനക്കൂട്ടം എന്നായിരുന്നു ഈ




ഗോത്രവിഭാഗത്തെ പതിമൂന്നാം നൂറ്റാണ്ടിലെ പ്രശസ്തനായ നാവികൻ മാർക്കോപോളോ വിശേഷിപ്പിച്ചത്. അവരുടെ ജീവിതങ്ങൾക്ക് വ്യക്തമായ രൂപാന്തരമുണ്ടാകാതെ ആ വിശേഷണം കാലങ്ങൾ എത്ര കഴിഞ്ഞാലും മാറില്ല എന്നത് സത്യമായ കാര്യമാണ്.

2011 ലെ സെൻസസ് അനുസരിച്ച് സെന്റിനലീസ് ദ്വീപിൽ 40 പേരാണ് ഉണ്ടായിരുന്നതെന്നാണ് കണക്ക്. ഇത് കൃത്യമായ കണക്കല്ല. 400 പേർ വരെ ഉണ്ടാകാനുള്ള സാധ്യതയുണ്ട്. 60 ചതുരശ്ര കിലോമീറ്ററാണ് സെന്റിനലിസ് ദ്വീപിന്റെ വിസ്തീർണ്ണം. ഇന്ത്യയിലെ വൻകരയിൽനിന്ന് 1200 കിലോമീറ്റർ അകലെയാണ് ഈ ദ്വീപ് സ്ഥിതി ചെയ്യുന്നത്. നൂറ്റാണ്ടുകളായി ഈ ആദിമ ഗോത്രവർഗം നിലവിലുണ്ടെന്നാണ് അറിയുന്നത്.

2006 ൽ മത്സ്യബന്ധനത്തിനിടെ ദ്വീപിന് സമീപം എത്തിയ രണ്ട് ഇന്ത്യക്കാരെ ഇവർ അമ്പെയ്ത് കൊന്നിട്ടുണ്ട്. ബ്രിട്ടീഷ് കൊളോണിയൽ കാലം മുതൽ ഈ ആദിമ ഗോത്രവർഗ്ഗക്കാരുടെ ഇടയിലേക്ക് എത്താനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടിരുന്നു. 2004 ഡിസംബർ 25 ന് ഉണ്ടായ സുനാമിയിൽ ഈ ഗോത്രവർഗ്ഗക്കാരുടെ സ്ഥിതിയറിയുവാൻ പോയ ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ ഹെലികോപ്റ്ററിനു നേരെ സെന്റിനൽ ഗോത്രവർഗ്ഗക്കാർ അമ്പെയ്യുവാൻ ശ്രമിച്ചതിലൂടെയാണ് അവർ ജീവിച്ചിരിക്കുന്നുണ്ടെന്ന് ഇന്ത്യൻ ഗവൺമെന്റ് തീർച്ചപ്പെടുത്തിയത്.

ഈയടുത്ത കാലം വരെ ഉത്തര സെന്റിനലിനോടടുക്കാൻ സഞ്ചാരികൾക്ക് അനുമതിയില്ലായിരുന്നു. ഈ വർഷമാണ് സഞ്ചാരികൾക്കു കേന്ദ്ര സർക്കാർ നേരിയ ഇളവെങ്കിലും അനുവദിച്ചത്. 1956 ൽ ഉണ്ടാക്കിയ നിയമം അനുസരിച്ച് സെന്റിനെലീസുമായി ബന്ധപ്പെടാൻ ശ്രമിക്കുന്നതോ നല്ല കാര്യത്തിനാണെങ്കിൽ പോലും തീരത്ത് നിന്നും അഞ്ചു കിലോമീറ്റർ ഉള്ളിലേക്ക് പോകാനോ

ശ്രമിക്കുന്നതും കുറ്റകരമാണ്. ആൻഡമാൻ ദ്വീപുകളിൽ വേറെയും നിരവധി ഗോത്രവർഗക്കാരുണ്ട്. ഓഞ്ജ് എന്ന പേരിലറിയപ്പെടുന്ന ഒരു കൂട്ടർ ലിറ്റിൽ ആൻഡമാൻസ് ദ്വീപുകളിൽ ജീവിക്കുന്നു. ഇവർ താരതമ്യേന പുറംനാടുമായി ഇഴുകി ജീവിക്കാൻ പ്രയാസം കാണിക്കുന്നവരല്ല.

**നേരിട്ടു കാണാനുള്ള ശ്രമം**

സെന്റിനലീസ് ഗോത്രക്കാരുടെ പ്രാകൃതജീവിതവും രീതികളും അറിഞ്ഞ ജോണിന്റെ ഉള്ളിൽ അവരോടുള്ള സ്നേഹം അണപൊട്ടിയൊഴുകി. ലോകത്തെ കീഴ്മേൽ മറിക്കുന്ന ക്രിസ്തുസ്നേഹത്തിന്റെ രൂപാന്തരശക്തി അവരുടെ സ്വഭാവത്തെയും ജീവിതരീതിയെയും മാറ്റിമറിക്കുമെന്ന ശക്തമായ ബോധ്യം ജോണിന്റെ ഹൃദയ ഭാരമായി നിലകൊണ്ടു.

അവരെ നേരിട്ടു കാണുവാൻ ജോൺ ചൗ പലതവണ ശ്രമിച്ചു. ഇതിനായി നാലഞ്ചു വർഷങ്ങൾ ഒരുക്കങ്ങൾ നടത്തിയിട്ടുമുണ്ട്. അവരുടെ ജീവിതരീതിയെക്കുറിച്ചും ഭാഷയെക്കുറിച്ചും ലഭ്യമായ വിവരങ്ങളിൽനിന്ന് ഗവേഷണവും നടത്തി. ഇതിനോടകം അഞ്ചു തവണ അദ്ദേഹം ആൻഡമാനിലെത്തുകയും ഈ ഗോത്രവിഭാഗത്തിനടുത്ത് എത്തുവാനുള്ള സാധ്യതകൾ ആരായുകയും ചെയ്തു. അവർക്ക് നല്കുവാനായി സമ്മാനപ്പൊതികളും ഉണങ്ങിയ മത്സ്യങ്ങളും കരുതി. നെഞ്ചിനോട് ചേർത്തുപിടിക്കാൻ വാട്ടർപ്രൂഫ് ചെയ്ത ബൈബിളും. വേട്ടക്കാരായ സെന്റിനൽ ഗോത്രവുമായി എങ്ങനെയെങ്കിലും ഒരു ബന്ധം സ്ഥാപിച്ചെടുക്കണം. അതായിരുന്നു അദ്ദേഹത്തിന്റെ ഏക ആഗ്രഹം.





ആറാം തവണയാണ് ഈ പ്രാവശ്യം ജോൺ ആൻഡ മാൻസിൽ എത്തുന്നത്. ഈ പ്രാവശ്യം ഒക്ടോബർ 14 ന് യാത്ര തിരിക്കുന്നതിനുമുമ്പ് കാൻസാസിലെ ഓൾ നേഷൻസ് മിഷൻ സ്റ്റേഷനിൽ പരിശീലനവും പഠനവുമായി ദീർഘനാളുകൾ ചെലവഴിച്ചിരുന്നു. ഒക്ടോബർ 16 ന് ആൻഡമാൻസിലെത്തി ചിലദിനങ്ങൾ പോർട്ട് ബ്ലയറിലും ഹാവ്‌ലോക് ദ്വീപിലും താമസിച്ചതിനുശേഷം നവംബർ 14 ന് സെന്റിനൽ ദ്വീപിലെത്താൻ ഒരു ശ്രമം നടത്തി. വിശ്വാസികളായ മത്സ്യബന്ധനക്കാരെ കൂടെ കൂട്ടിയാണ് ഈ പ്രയത്നത്തിന് അദ്ദേഹം തയ്യാറായത്. “ദൈവം ഞങ്ങളെ കോസ്റ്റ് ഗാർഡിൽനിന്നു മറച്ചുപിടിച്ചു.” ശ്രമം പരാജയപ്പെട്ടു മടങ്ങിയെത്തിയപ്പോൾ തന്റെ ഡയറിയിൽ ജോൺ കുറിച്ചുവച്ചു.

അന്നു വൈകുന്നേരം പോർട്ട് ബ്ലെയറിലുള്ള വിശ്വാസസമൂഹത്തിനൊപ്പം പ്രാർത്ഥനാകൂടിവരവിലും ജോൺ പങ്കെടുത്തു. അതിനെക്കുറിച്ച് ജോൺ ഇപ്രകാരം എഴുതി, “പ്രാർത്ഥനാ കൂടിവരവ് നന്നായി നടന്നു. ഭാഷയുടെ പ്രശ്നമുണ്ടായിരുന്നെങ്കിലും - ഞാൻ മാത്രമേ ഇംഗ്ലീഷുകാരനായി ഉണ്ടായിരുന്നുള്ളു. എങ്കിലും പരിശുദ്ധാത്മാവിൽ ആശ്രയിക്കുന്നു, അവിടുത്തെ നടത്തിപ്പിനായി.” തുടർന്നുള്ള താളുകളിൽ ജോൺ തന്റെ ഹൃദയം പകർന്നു. “ദൈവമേ, അങ്ങയുടെ സന്ദേശവാഹകനായി എന്റെ അമ്മയുടെ ഉദരത്തിൽ ഞാൻ ഉരുവാകും

മുമ്പേ എന്നെ തെരഞ്ഞെടുത്തതി നായി ഞാൻ നന്ദി പറയുന്നു. സെന്റിനൽ ദ്വീപിലെ ജനതയെ അവിടുന്ന് സ്നഹിക്കുന്നു. അത് അവരെ അറിയിക്കുവാൻ അവിടുന്ന് എന്നെ തെരഞ്ഞെടുത്തല്ലോ. നന്ദി കർത്താവേ."

## ഒരു പരിശ്രമവും കൂടെ

വീണ്ടും 16 ന് ഒരു പരിശ്രമവും കൂടെ നടത്തി. അന്നു കയാക്ക്തോണിയിൽ തീരത്തിറ ങ്ങിയ ജോണിനെ അവർ അമ്പും വില്ലുമായി ആക്രമിച്ചു. ആക്രമണ ത്തിന്റെ മദ്ധ്യത്തിലും ജോൺ അലറി പറഞ്ഞു, "എന്റെ പേര് ജോൺ. എനിക്ക് നിങ്ങളെ ഒരുപാട് ഇഷ്ടമാണ്. യേശുക്രിസ്തു നിങ്ങളെ സ്നേഹിക്കുന്നു." ഒരു കൗമാരക്കാരൻ എയ്ത അമ്പ് ജോണിന്റെ നെഞ്ചിൽ ചേർത്തുപി ടിച്ച വാട്ടർപ്രൂഫ് ബൈബിളിൽ തുള ച്ചുകയറി. അവരുടെ ആക്രമണ ത്തിൽ തന്റെ കയാക്ക് തോണി തകർന്നതുകൊണ്ട് 300 മുതൽ 400 മീറ്റർ വരെ നീന്തിയാണ് രക്ഷപെട്ട് മത്സ്യതൊഴിലാളികളുടെ ബോട്ടിനു



സമീപമെത്തിയത്. തിരികെയെത്തി ജോണിന്റെ ഡയറിയിൽ അതിന്റെ ഭീതി നിറഞ്ഞ വിവരണമുണ്ട്. "ഞാൻ ആകെ ഭയന്നുപോയി. അവിടെനിന്നു സൂര്യാസ്തമയം കണ്ടു. വളരെ മനോഹരമായ കാഴ്ച. എനിക്ക് കരച്ചിൽ വന്നു. ഞാൻ കാണുന്ന അവസാന അസ്ത മയമാണോ അതെന്നു തോന്നി." അതേ, ദൈവത്തിന്റെ ഡയറിയിൽ ജോണിന്റെ അവസാന അസ്തമയ മായിരുന്നു അത്!

മത്സ്യതൊഴിലാളികളുടെ ബോട്ട് വാടകയ്ക്ക് എടുത്തായിരുന്നു പോർട്ട് ബ്ലയറിൽനിന്ന് 50 കിലോമീ റ്റർ ദൂരമുള്ള സെന്റിനൽ ദ്വീപി ലേക്ക് ജോൺ യാത്ര ചെയ്തത്. ചെറിയ ഒരു ബാഗിൽ പാസ്പോർട്ടും വാട്ടർ പ്രൂഫ് ബൈബിളും ഫസ്റ്റ് എയ്ഡ് ബോക്സും കരുതിയിരുന്നു. സെന്റി നലീസ് ഗോത്രവിഭാഗത്തിന്റേതിനു സമാനമായ രൂപത്തിലെത്തി അവ രുടെ വിശ്വാസം നേടാനായിരുന്നു ജോണിന്റെ പദ്ധതി. ദ്വീപുവാസിക ളുമായി അടുക്കുന്നതിനായി ഗോത്ര വിഭാഗക്കാർ ധരിക്കുന്നതുപോലെ കറുത്ത അടിവസ്ത്രം മാത്രം ധരി ച്ചാണ് ജോൺ ദ്വീപിലേക്ക് പോയത്. ചില ദിവസങ്ങളെങ്കിലും അവ രൊപ്പം താമസിക്കുവാനും അവ രുടെ ഭാഷ പഠിക്കുവാനും ജോൺ ആഗ്രഹിച്ചിരുന്നു.

"എനിക്ക് ഭ്രാന്താണ് എന്ന്

നിങ്ങൾ കരുതുന്നുണ്ടാകും. എന്നാൽ യേശു അവരുടേതാണെന്ന് ഈ മനുഷ്യരെ അറിയിക്കുന്നതാണ് ഏറ്റവും ഉത്തമമായ പ്രവൃത്തിയെന്ന് ഞാൻ വിശ്വസിക്കുന്നു." ജോൺ തന്റെ ഡയറിയിൽ ഇങ്ങനെയെഴുതി. "ദൈവമേ, എനിക്ക് മരിക്കേണ്ട. എന്തുകൊണ്ടാണ് ഇത്ര സുന്ദരമായ സ്ഥലത്ത് ഇത്ര മരണങ്ങൾ സംഭവിക്കുന്നത്?"

നവംബർ 16 രാത്രിയിൽ ഒരു പരിശ്രമം കൂടി നടത്താൻ തീരുമാനിച്ചു. അതിനുമുമ്പ് അവസാനമായി ജോൺ ചൗ തന്റെ മാതാപിതാക്കൾക്ക് എഴുതി.

*"ഞാൻ ഭ്രാന്തനാണെന്നു നിങ്ങൾ വിചാരിച്ചേക്കാം, പക്ഷേ ഈ ആളുകളോട് യേശുവിനെക്കുറിച്ച് പ്രഖ്യാപിക്കുന്നതു ഞാൻ എന്റെ ജീവനെക്കാളും വിലമതിക്കുന്നു. അവർ എന്നെ കൊല്ലുകയോ അല്ലെങ്കിൽ ഞാൻ കൊല്ലപ്പെടുകയോ ചെയ്താൽ ദയവായി അവരോടോ ദൈവത്തോടോ കോപിക്കരുത്. പകരം അവിടുന്ന് നിങ്ങളെ വിളിച്ചിരിക്കുന്നത് എന്തെന്നില്ലാത്ത അനുസരണത്തിനാണെന്ന് അറിഞ്ഞു നിങ്ങളുടെ ജീവിതം ജീവിച്ചാലും. ഇത് ഒരു അർത്ഥശൂന്യമായ പ്രവൃത്തിയല്ല. ഈ ഗോത്രത്തിന്റെ നിത്യജീവൻ നമ്മുടെ കരങ്ങളിലാണ്. വെളിപ്പാട് 7: 9,10 അനുസരിച്ച് അവർ സ്വന്ത ഭാഷയിൽ ദൈവത്തെ ആരാധിക്കുന്ന ദിവസത്തെ ഓർത്തു ഞാൻ കാത്തിരിയ്ക്കുകയാണ്. തിരശ്ശീലയിലൂടെ കടന്നുപോകുമ്പോൾ ഞാൻ നിങ്ങളെ വീണ്ടും കാണും!*

*ഞാൻ നിങ്ങളെ എല്ലാവരെയും സ്നേഹിക്കുന്നു, നിങ്ങൾക്കൊരിക്കലും ഈ ലോകത്തിൽ യേശുക്രിസ്തുവിനെക്കാൾ ഏറെ വേറെ ഒന്നിനെയും സ്നേഹിക്കുവാൻ ഇടവരാതിരിക്കുവാൻ ഞാൻ പ്രാർത്ഥിക്കുന്നു.*

*സോളി ദിയോ ഗ്ലോറിയ*

*ജോൺ ചൗ"*

അന്നു രാത്രിയിൽ വിശ്വാസികളായ മത്സ്യത്തൊഴിലാളികളുടെ സഹായത്തോടെ വീണ്ടും സെന്റിനലീസിന്റെ തീരത്തേക്ക്. ജീവൻ അപായപ്പെടുത്തിയാണെങ്കിലും ജീവൻ നല്കിയ യജമാനുവേണ്ടി സെന്റിനലീസ് ജനതയെ നേടുമെന്ന ആവേശത്തോടെ. എങ്ങനെയും അവർ സുവിശേഷം അറിയണമെന്നും ജീവിതം രൂപാന്തരപ്പെടണമെന്നുമുള്ള തീവ്ര ആഗ്രഹം ജോണിന്റെ ശരീരത്തിലെ ധമനികളിലൂടെ ഒഴുകിയ രക്തത്തുള്ളികളെ തിളച്ചുമറിച്ചു. "ദൈവമേ, ഒരാൾ പോലും നിന്റെ പേര് കേൾക്കാത്ത, അതിന് സാധ്യതപോലുമില്ലാത്ത ഈ ദ്വീപ് സാത്താന്റെ അവസാനത്തെ ശക്തികേന്ദ്രമാണോ?" ഡയറിക്കുറിപ്പിലെ ഈ വാക്കുകൾ ഹൃദയഭാരത്തിന്റെ

തീവ്രത വെളിപ്പെടുത്തുന്നു. സാത്താന്റെ ശക്തികേന്ദ്രത്തെ തകർത്ത് ക്രിസ്തുവിലൂടെയുള്ള സ്വാതന്ത്ര്യത്തിന്റെ പുതുജീവൻ സെന്റിനലീസ് ജനതയ്ക്ക് സമ്മാനിക്കുവാൻ സ്വന്തം ജീവൻ വരെ പണയപ്പെടുത്തുവാൻ ജോൺ തയ്യാറായിരുന്നു.

## ദാരുണ അന്ത്യം

17 ന് പുലർച്ചെയാണ് സെന്റിനലീസ് തീരത്ത് അവസാനമായി എത്തിയത്. തന്റെ ചെറുബോട്ട് ദ്വീപിന്റെ സമീപമെത്തിയപ്പോൾ മത്സ്യത്തൊഴിലാളികൾക്ക് കൈമാറുകയും കുറെക്കൂടി ചെറിയ തോണിയായ കയാക്കിൽ യാത്ര തുടരുകയും ചെയ്തു. ഒറ്റയ്ക്കായിരുന്നു അവിടുന്നങ്ങോട്ടുള്ള യാത്ര. അവരെ താൻ സ്നേഹിക്കുന്നു എന്നറിയിക്കുവാൻ അവർക്കായുള്ള സമ്മാനങ്ങളും പന്തുകളും ഉണങ്ങിയ മത്സ്യങ്ങളും കൈയ്യിൽ കരുതിയിരുന്നു. എന്നാൽ സ്നേഹത്തിന്റെ സന്ദേശവുമായി അവരെ സമീപിച്ച ജോണിനെ എതിരേറ്റത് പൈശാചികമായ പ്രവൃത്തികളായിരുന്നു.

കയാക്ക് തോണി തീരമണയാൻ അവർ കാത്തിരുന്നു. തോണിയിൽനിന്ന് തീരത്തെ വെളുത്ത മണൽതരിയിൽ തന്റെ നഗ്നമായ പാദങ്ങളമർത്തി ആവേശത്തോടെ താനും യേശുവും അവരെ സ്നേഹിക്കുന്നു എന്ന് ഉറക്കെ പറയുമ്പോൾ മരങ്ങളുടെ മറവിൽ നിന്ന് അവർ ജോണിനെ ലക്ഷ്യമാക്കി അമ്പുകൾ തൊടുത്തുവിട്ടു. തുടർച്ചയായി എയ്ത അമ്പുകൾ ഏറ്റ് അസഹനീ





യമായ ശരീരവേദനയാൽ ജോൺ നിലത്തുവീണു പിടഞ്ഞു. രക്തധമനികൾ പൊട്ടിയൊഴുകുന്ന രക്തത്തുള്ളികൾകൊണ്ട് വെള്ള മണൽത്തരികൾ ചുമപ്പുനിറമാകാൻ അധികനേരമൊന്നും വേണ്ടിവന്നില്ല. എന്നിട്ടും വീണ്ടുമെഴുന്നേറ്റ് അവരുടെ അടുത്തേക്ക് ദൈവസ്നേഹത്തിന്റെ സന്ദേശകനായി ഓരോ ചുവടും വച്ചു. പക്ഷേ കാത്തിരുന്നത് വിഷവീര്യംനിറഞ്ഞ അമ്പുകളായിരുന്നു. ആ അമ്പുകളേറ്റ് താഴെ വീണ ജോണിനെ അവർ കടന്നാക്രമിച്ചു. പിന്നീട് ജോണിന്റെ കഴുത്തിൽ ഒരു കയർ മുറുക്കി വലിച്ചിഴച്ച് തീരത്തേക്ക് കൊണ്ടുവന്നു.

അങ്ങ് ദൂരെ കടലിൽ കൊണ്ടുവിട്ട മത്സ്യത്തൊഴിലാളികൾ ബൈനോകുലറിലൂടെ നോക്കുമ്പോൾ ജോണിന്റെ ജീവനറ്റ ശരീരം പകുതി മണലിൽ പൂഴ്ത്തിയ നിലയിലായിരുന്നു. അവർ പോർട്ട് ബ്ലെയറിൽ തിരിച്ചെത്തി ജോണിന്റെ സുഹൃത്ത് സുവിശേഷകനായ അലക്സാണ്ടറിനോട് കണ്ട കാര്യം പറഞ്ഞതിലൂടെയാണ് ജോൺ അലൻ ചൗ എന്ന വീരപോരാളിയുടെ ദാരുണമായ അന്ത്യം ലോകമറിഞ്ഞത്.

ഈ വാക്കുകൾ രേഖപ്പെടുത്തുമ്പോൾ വരെ ജോണിന്റെ മൃതശരീരം വീണ്ടെടുത്തിട്ടില്ല. ആ ദ്വീപിലെ മണ്ണിൽ ജീർണ്ണിച്ചുകിടക്കുന്ന ശരീരം എന്തു വിലകൊടുത്തും വീണ്ടെടുക്കാനുള്ള ശ്രമത്തിലാണ് പൊലീസ്. എന്നാൽ അതത്ര എളുപ്പവുമല്ല. "ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യതയെയും ധരിക്കുന്ന നാൾ അധികം വിദൂരമല്ല." ഇന്ന് അപമാനത്തിൽ വിതയ്ക്കപ്പെട്ട ശരീരം അന്ന് തേജസ്സിൽ ഉയിർക്കും. ക്രിസ്തുവിന്റെ തേജസിന്റെ നാളിൽ മഹത്വധാരിയായി ജോണിനെയും കാണും. കൈനിറയെ പ്രതിഫലങ്ങളുമായി. ജീർണ്ണത അജീർണ്ണതയ്ക്കായി വഴി മാറുന്ന ദിനം.

## പ്രതികരണങ്ങൾ

ജോൺ അലൻ ചൗവിന്റെ വേർപാട് അറിഞ്ഞ ലോകക്രൈസ്തവസമൂഹം സംഭവത്തെ പല രീതിയിൽ വ്യാഖ്യാനിച്ചു. എഴുത്തുകാരനുൾപ്പെടെ കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കാതെ വിമർശിക്കുവാൻ തയ്യാറായി. "അവനൊരു അരവട്ടനായതുകൊണ്ടല്ലേ അവരുടെ കൈയ്യിൽ തല കൊണ്ടുവച്ചത്?" പലരും ഉന്നയിച്ച ചോദ്യമായിരുന്നു ഇത്. തന്റെ ഈ സുവിശേഷദൗത്യത്തിൽ മനുഷ്യരുടെ പ്രതീക്ഷകൾക്കൊത്ത് ജോണിന് ഉയരുവാൻ കഴിഞ്ഞുവോ? അതിലും പ്രധാനമായി ദൈവത്തിന്റെ പ്രതീക്ഷകൾക്കൊത്ത് ഉയരുവാൻ ജോണിന് കഴിഞ്ഞുവോ? ദൈവിക പദ്ധതിയുടെ നിവർത്തീകരണമായിരുന്നില്ലേ ഇതൊക്കെ?

ക്രിസ്തുവിനോടുള്ള സമർപ്പണത്തിന് നാമൊക്ക അതിർവരമ്പുകൾ സൃഷ്ടിക്കും. എന്നാൽ, ആ അതിർവരമ്പിനെയൊക്കെ ഭേദിച്ച് വ്യത്യസ്തമായ ജീവിതശൈലിയും ക്രിസ്തുവിനോടുള്ള അക്ഷയസ്നേഹവും വിപ്ലവമായ രീതിയിൽ വെളിപ്പെടുത്തുമ്പോൾ നാം അതിനെയൊക്കെ വിട്ടുവീഴ്ച്ചയില്ലാതെ വിമർശിക്കും. തെറ്റാണെന്ന് വിലയിരുത്തും. പക്ഷേ ക്രിസ്തുവിന്റെ ഈ വാക്കുകൾ നാം വിസ്മരിക്കും, "അൽപമേ വേണ്ടു, അല്ല. ഒന്നുമതി. മറിയ നല്ല അംശം തെരഞ്ഞെടുത്തു. അത് ആരും അവളോട് അപഹരിക്കുകയുമില്ല."

സമൂഹമാധ്യമങ്ങളിലെല്ലാം ജോണിന്റെ തീരുമാനം മണ്ടൻ തീരുമാനമെന്ന് ആളുകൾ കുറ്റാരോപണമുയർത്തി. അതേ, അത് തീർച്ചയായും ശരിയാണ്. നേട്ടങ്ങളുടെ പിന്നാലെ നെട്ടോട്ടമോടുന്ന ലോകത്തിന്റെ മുന്നിൽ ഇങ്ങനെയുള്ളതെല്ലാം ഭോഷത്തരമാണ്. തികച്ചും ഭോഷത്തരമായിപ്പോയി! ക്രിസ്തുവിനുവേണ്ടിയാണെന്നു മാത്രം. പൗലൊസ് പറയുന്നതുപോലെ, "ഞങ്ങൾ ക്രിസ്തു നിമിത്തം ഭോഷന്മാർ" (1 കൊരിന്ത്യർ 4: 10).

തികച്ചും അപരിചിതരായ ആളുകളുടെ അടുക്കലേക്ക് പോയത് തന്നെ അബദ്ധമല്ലേ എന്നാണ് മറ്റൊരു ചോദ്യം ഉയർന്നത്. ആദിമനൂറ്റാണ്ടുമുതൽ സുവിശേഷപ്രവർത്തനങ്ങളുടെ സ്വഭാവം അങ്ങനെതന്നെയായിരുന്നു. തികച്ചും അപരിചിതരും അപരിഷ്കൃതരും അടിസ്ഥാനസൗകര്യങ്ങളെല്ലാം നിഷേധിക്കപ്പെട്ട ആളുകളുടെ അരികിലേക്കായിരുന്നു ക്രിസ്തീയ മിഷനറിമാർ കടന്നുപോയത്. അങ്ങനെയുള്ള ആളുകളെ ഉദ്ധരിക്കുവാനാണ് മിഷനറിമാർ അവരുടെ വിലയേറിയ ജീവിതം മാറ്റിവച്ചത്.

ഒരു കൈത്തിരി പോലെ അന്ധകാരഭൂമിയിൽ പ്രകാശം പരത്തുവാൻ ദൈവം അവരെയൊക്കെ ഉപയോഗിച്ചു. ഉദാഹരണത്തിന് എത്രയെത്ര മിഷനറിമാരെ ഭാരതത്തിൽതന്നെ നമുക്ക് ചൂണ്ടിക്കാണിക്കാം. ഭാരതത്തിനുപുറത്ത് ഔക്ക ഇൻഡ്യൻസിന്റെ അടുക്കൽ പോയ

ജിം ഏലിയറ്റും കൂട്ടുകാരും. ജീവനെ വരെ പണയപ്പെടുത്തി സ്നേഹത്തോടെ അവരുടെ അടുക്കലെത്തിയപ്പോൾ ആ നരഭോജികൾ അവരുടെ അമ്പും വില്ലും കുന്തവും ഉപയോഗിച്ച് കൊലപ്പെടുത്തി. കാലം കഴിഞ്ഞപ്പോൾ ഔക്ക ഇന്ത്യൻസ് സുവിശേഷത്തിന്റെ രൂപാന്തരശക്തി അനുഭവിച്ച നാടായിമാറി.

ജിം എലിയറ്റ് തന്റെ ഡയറിയിൽ കുറിച്ചുവച്ച ഈ വാക്കുകൾ ജോണിനെക്കുറിച്ചും അന്വർത്ഥമാണ്. "ഒരിക്കലും നഷ്ടപ്പെടാത്തതിനെ നേടുന്നതിന് വേണ്ടി സൂക്ഷിച്ചു വയ്ക്കുവാൻ കഴിയാത്തതു ഉപേക്ഷിക്കുന്നവൻ ഒരു വിഡ്ഢിയല്ല."

1839 ൽ ജോൺ വില്യംസും ജെയിംസ് ഹാരിസും ദൈവത്തെക്കുറിച്ച് കേട്ടിട്ടുപോലുമില്ലാത്ത എറമാംഗോ ആദിമഗോത്രക്കാരുടെ ഇടയിൽ സുവിശേഷമറിയിക്കുവാൻ പോയി. നരഭോജികളും ക്രൂരന്മാരുമായിരുന്ന ആളുകളെ ക്രിസ്തുവിനു വേണ്ടി നേടുവാൻ അവർ സമർപ്പിതരായിരുന്നു. തീരമണഞ്ഞ അവരെ കാത്തിരുന്നത് സ്നേഹസല്ലാപങ്ങളായിരുന്നില്ല. മറിച്ച്, അവരെ കുർത്ത കുന്തമുനയിൽ കോർത്തു നിർത്തി അവരുടെ ജീവൻ പിടയ്ക്കുന്ന ശരീരത്തിലൂടെ ചിതറിയൊഴുകുന്ന രക്തം കൈക്കുമ്പിളിൽ ശേഖരിച്ച് കുടിക്കുകയും മതാചാരങ്ങളുടെ ഭാഗമായി പച്ചമാംസം വെട്ടിക്കീറി ഭക്ഷണമാക്കുകയും ചെയ്തു ആ നരഭോജികൾ. ലോക ക്രൈസ്തവർ ശുദ്ധ അബദ്ധം എന്ന് വിധിയെഴുതിയെങ്കിലും ഇരുപത് വർഷങ്ങൾക്ക് ശേഷം ജോൺ ജി. പേറ്റൺ സുവിശേഷവുമായി വീണ്ടുമവിടെ ചെല്ലുകയും നരഭോജികളെ നരസ്നേഹികളാക്കുന്ന സുവിശേഷത്തിന്റെ ആത്യന്തശക്തി അവിടെ വ്യാപരിക്കുകയും ചെയ്തു. ഇന്നും ആ ദ്വീപിൽ ചെന്നാൽ ക്രിസ്തുവിലുള്ള അവരുടെ വിശ്വാസത്തിന്റെ തീവ്രത രുചിച്ചറിയാം. ക്രിസ്തുവിന്റെ സ്വഭാവത്തിന്റെ മാധുര്യം വിളമ്പുന്ന ജീവിതങ്ങളായി അവർ രൂപാന്തരപ്പെട്ടു.

അങ്ങനെ എത്രയെത്ര സംഭവങ്ങൾ ക്രിസ്തീയ ദൗത്യത്തിന് പറയുവാനുണ്ട്? സ്തെഫാനോസ് മുതൽ നൂറ്റാണ്ടുകളായി ചരിത്രം ഇന്നും എണ്ണിക്കൂടാതെവണ്ണം രക്തസാക്ഷികളുടെ സംഭവകഥകൾ നമ്മളോട് സംസാരിക്കുന്നു. അതിൽ അവസാനവ്യക്തിയായി നമ്മുടെ പ്രിയപ്പെട്ട ജോണും.

അവരെല്ലാം കൊല്ലപ്പെട്ടങ്കിലും അവിടെയെല്ലാം സുവിശേഷ സാക്ഷ്യം സ്ഥാപിക്കുവാൻ ഇടയായി. അവരുടെ വിലയേറിയ രക്തമായിരുന്നു സുവിശേഷപ്രവർത്തനങ്ങളുടെ വളർച്ചയുടെ വളമായത്. അവരുടെ ജീർണ്ണിച്ച ശരീരങ്ങൾ സമൃദ്ധമായി ഫലം നല്കുന്ന സഭകളുടെ ഉത്ഭവത്തിന് ഉതുകുന്ന മണ്ണായി മാറി.

### നമ്മുടെ ഉത്തരവാദിത്തം

ജോണിന്റെ ത്യാഗപൂർണ്ണമായ ഈ കൊച്ചുജീവിതംകൊണ്ട് നമ്മുടെയൊക്കെ കണ്ണുകൾ തുറക്കുവാൻ ഇടയായിരുന്നെങ്കിൽ! ഇങ്ങനെ ഇനിയും അനേകർ സുവിശേഷം ഒരിക്കൽപോലും രുചിച്ചുനോക്കുവാൻ കഴിയാത്തവരായി നമ്മുടെ ചുറ്റുമുണ്ട്. അനേകം ഗോത്രവർഗ്ഗക്കാരുണ്ട്. സ്വയസംതൃപ്തിയിൽ മയങ്ങി ജീവിതം മുന്നോട്ടുനീങ്ങുന്ന നമ്മുടെ കണ്ണുകൾ നമുക്ക് തുറക്കാം. ഹൃദയം പകരാം. കൂട്ടത്തിൽ എതിർക്രിസ്തുവിനുവേണ്ടി നാം സ്വരൂപിച്ചിരിക്കുന്ന നമ്മുടെ സമ്പത്തും. ലോകം സുവിശേഷമറിയട്ടെ. അറിഞ്ഞില്ലെങ്കിൽ കാരണക്കാർ നാം മാത്രമാണ്.

ഇനിയും സുവിശേഷം എത്തിയിട്ടില്ലാത്ത ദ്വീപുകളിലെ ആളുകളെകുറിച്ച് അല്പമെങ്കിലും ഹൃദയഭാരം നമുക്ക് ഉണ്ടായിരുന്നെങ്കിൽ! അവിടേയ്ക്ക് നാം പോയിരുന്നെങ്കിൽ! ആരെയെങ്കിലും അങ്ങോട്ട് പോകുവാൻ സാമ്പത്തികമായി സഹായിച്ചിരുന്നെങ്കിൽ! അവരെയോർത്ത് നിരന്തരം കണ്ണുനീരോടും ആത്മഭാരത്തോടും പ്രാർത്ഥിച്ചിരുന്നെങ്കിൽ...! ഈ വാക്കുകൾ നമ്മുടെ ഹൃദയത്തോട് സംസാരിക്കട്ടെ! രക്തസാക്ഷികളുടെ വലിയൊരു സമൂഹം നമുക്ക് ചുറ്റും നിൽക്കുന്നു. വിശ്വാസവീരന്മാരുടെ ഗണത്തിലേക്ക് നമ്മളെയും ക്ഷണിക്കുന്നു.

---

ഗുരുവിന്റെ വാക്കുകൾ: “ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും.” (മത്തായി 16:25)

---

*Contact:*
Febin Johnson
+91 94960 23444